LIBRARY ARCHIVES Kerala Legislative Assembly

ചേലക്കരമണ്ഡലത്തിൽ നിർമ്മാണം നടന്നുവരുന്ന സ്കൂൾ കെട്ടിടങ്ങൾ

56 (2964) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിൽ ഇപ്പോൾ നിർമ്മാണം നടന്നുവരുന്ന സ്കൂൾ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ ;

(ഡി) കാലതാമസം ഒഴിവാക്കി ഈ അദ്ധ്യയന വർഷം തന്നെ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 1. എസ്.എം.റ്റി.ജി.എച്ച്.എസ്. ചേലക്കര

2. ജി.എച്ച്.എസ്. ചെറുതുരുത്തി

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) എത്രയുംപെട്ടെന്ന് പണി പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകുന്നതാണ്.

ശ്രീമതി റെഹിയാനത്തിന്റെ പരാതി

57 (2965) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവരാവകാശ നിയമപ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ശമ്പളം ജോലിയുടെ സ്വഭാവം എന്നിവ സംബന്ധിച്ച് വിവരങ്ങൾ ലഭിക്കുന്നതിനായി ഇടുക്കി ജില്ലാ DDE ഓഫീസിൽ, ശ്രീമതി റെഹിയാനത്ത്, കോട്ടവാതുക്കൽ എന്നയാൾ അപേക്ഷ സമർപ്പിച്ചപ്പോൾ അപകീർത്തിപ്പെടുത്താൻ ശ്രമിച്ചതിൽ മാപ്പ് പറഞ്ഞില്ലെങ്കിൽ കേസ് കൊടുക്കും എന്ന് കാട്ടി വക്കീൽ നോട്ടീസ് അയച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇത് അന്വേഷിക്കുമോ ;

(ബി) വിവരാവകാശ നിയമപ്രകാരം മറുപടി നൽകുന്നതിന് പകരം വക്കീൽ നോട്ടീസ് അയയ്ക്കാനിടയായ സാഹചര്യം വിശദീകരിക്കാമോ ;

(സി) വിവരാവകാശ നിയമപ്രകാരം DDE ഓഫീസിൽ സമർപ്പിച്ച അപേക്ഷയിന്മേൽ വക്കീൽ നോട്ടീസ് അയയ്ക്കാനിടയായ സംഭവത്തിൽ കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ-സി) വിവരാവകാശ നിയമപ്രകാരം ലഭിച്ച അപേക്ഷകൾക്ക് മറുപടി നൽകിയിട്ടുണ്ട്. അപകീർത്തിപ്പെടുത്താൻ ശ്രമിച്ചതിന് മാപ്പ് പറഞ്ഞില്ലെങ്കിൽ കേസുകൊടുക്കും എന്നുകാട്ടി വക്കീൽനോട്ടീസ് അയച്ചിട്ടില്ല.

സ്കൂൾ ക്ലാർക്കുമാരുടെ ശമ്പളത്തിലെ ഗ്രേഡ് സ്കെയിൽ

58 (2966) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരേ തസ്തികയിൽ ജോലി ചെയ്യുന്ന ഗവൺമെന്റ് സ്കൂൾ ക്ലാർക്കുമാർക്കും എയ്ഡഡ് സ്കൂൾ ക്ലാർക്കുമാർക്കും ശമ്പളത്തിൽ ഗ്രേഡ് സ്കെയിൽ നിശ്ചയിക്കുന്നതിനുള്ള വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിനായി സമാനജോലി ചെയ്യുന്ന ഇവർക്ക് ഒരേ രീതിയിലുള്ള ശമ്പള വർദ്ധനവും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അനുവദിച്ച പ്ലസ് ടു ബാച്ചുകൾ

59 (2967) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്ലസ് ടു ബാച്ചുകൾ അനുവദിച്ചു എന്നും ഇതിൽ സർക്കാർ, എയ്ഡഡ് സ്കൂളുകൾ എത്ര വീതമെന്നും ഇതിനായി പ്രതിവർഷം എത്ര രൂപയുടെ അധിക ബാദ്ധ്യതയാണ് വേണ്ടി വരുന്നതെന്നും വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly